# ഗൂഗിൾ ക്ലാസ്സ്റൂം ഉദ്ഘാടനം

**തീയതി**
**4.10.2021**

കോവിഡ്ക്കാല പ്രതിസന്ധിയിലും വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്തോടെ സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ഇടയാറന്മുള എഎംഎം ഹയർ സെക്കൻഡറി സ്കൂൾ. ജി സ്വീറ്റ് പ്ലാറ്റ്ഫോമിൽ ഗൂഗിൾ ക്ലാസ്സ്റൂം സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥി സൗഹൃദമായി പഠനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാണ് സ്കൂൾ ശ്രമിക്കുന്നത്.



ഗൂഗിൾ ക്ലാസ്സ്റൂമുകളുടെ ഉദ്ഘാടനം 2021 ഒക്ടോബർ 4 തിങ്കളാഴ്ച രാവിലെ 11.30 ന് സ്കൂൾ സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ സാറിന്റെ അധ്യക്ഷതയിൽ ഓൺലൈനായും ഓഫ് ലൈനായും കൂടിയ ചടങ്ങിൽ ആറന്മുള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ റ്റി ടോജി നിർവ്വഹിച്ചു. സ്കൂൾ പൂർവ്വവിദ്യാർത്ഥിനി കുമാരി ആതിര പി തങ്കപ്പൻ പ്രാർത്ഥനാഗാനം ആലപിക്കുകയും സ്കൂൾ എസ്ഐ.റ്റി.സി ആശ പി മാത്യു ടീച്ചർ സ്വാഗതം ആശംസിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് അംഗം ശ്രീ. ജോസ് തോമസ് ആശംസകൾ നേർന്നു. സ്കൂൾ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ജെബി തോമസ് സാർ കൃതജ്ഞത പ്രകാശിപ്പിച്ചു. ദേശീയഗാനത്തോടെ യോഗം അവസാനിച്ചു.
അദ്ധ്യാപകർ സ്കൂളിൽ നേരിട്ടും വിദ്യാർത്ഥികളും മാതാപിതാക്കളും ഗൂഗിൾ ക്ലാസ്സ്റൂമിലൂടെയും ചടങ്ങിൽ പങ്കെടുത്തു.



